## മ്യൂസിയം പ്രൊട്ടക്ഷൻ കൗൺസിലിന്റെ പരാതി

61 (3148)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ കാഴ്ച ബംഗ്ളാവ്, മൃഗശാല എന്നിവയുടെ കോമ്പൗണ്ടിനകത്തുള്ള കച്ചവടസ്ഥാപനങ്ങൾക്ക് റവന്യൂ വകുപ്പിൽനിന്നും നൽകിയിട്ടുള്ള അനുവാദം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മ്യൂസിയം പ്രൊട്ടക്ഷൻ കൗൺസിൽ ഗവൺമെന്റിന് പരാതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ കച്ചവട സ്ഥാപനങ്ങൾക്ക് എത്ര സ്ഥലമാണ് അനുവദിച്ചതെന്നും നൽകിയിട്ടുള്ളതിൽ കൂടുതൽ സ്ഥലം ഇവർ കൈവശപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഈ കച്ചവട സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ മൃഗശാലയേയും ടൂറിസ്റ്റുകളേയും ദോഷകരമായി ബാധിക്കുന്നതുകൊണ്ട് ഇവരെ ഒഴിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൃഗശാല കോമ്പൗണ്ടിനകത്ത് നിന്നും 94 ചതുരശ്ര മീറ്റർ സ്ഥലം ശ്രീ. ജെയിംസ്കുട്ടിക്ക് ടെലഫോൺ ബൂത്ത് നടത്തുന്നതിനും കെ.ടി.ഡി.സി റസ്റ്റാറന്റ് നടത്തുന്നതിനായി 5 സെന്റും കേരള മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് 2 സെന്റും കുത്തകപാട്ടത്തിനായി അനുവദിച്ചിട്ടുണ്ട്.

(സി) അന്വേഷണം നടത്തി ആവശ്യമാണെന്ന് കാണുന്നപക്ഷം ഒഴിപ്പിച്ചെടുക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

## എൻ.ജി. ഒ. യൂണിയന് പാട്ടത്തിന് നൽകിയ സ്ഥലം

62 (3149)ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കവടിയാർ വില്ലേജിൽ സർവേ നമ്പർ 2240-/1-ലെ 10 സെന്റ് സ്ഥലം കേരള എൻ.ജി.ഒ യൂണിയന് 1967-മുതൽ കുത്തകപ്പാട്ടത്തിന് നൽകിയിരുന്നുവോ;

(ബി) എങ്കിൽ എത്ര വർഷത്തേക്ക് എന്ത് വ്യവസ്ഥയിലാണ് നൽകിയത്;

(സി) പാട്ടത്തിന്റെ കാലാവധി എന്നാണ് അവസാനിച്ചത്; പാട്ടത്തിന്റെ കാലാവധി അവസാനിച്ച മുറയ്ക്ക് വസ്തു വീണ്ടെടുക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുകയുണ്ടായി;

(ഡി) യാതൊരു നടപടിയും സ്വീകരിച്ചില്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| 2. | തൊടുപുഴ | – | 17 ,, |
| 3. | ഉടുമ്പൻചോല | – | 100 ,, |
| 4. | ദേവികുളം | – | 70 ,, |
| 10. | കോട്ടയം ജില്ല | | |
| | ചങ്ങനാശ്ശേരി | – | 94 ഏക്കർ |
| 11. | ആലപ്പുഴ ജില്ല | | |
| | കുട്ടനാട് | – | 5 ഏക്കർ |
| 12. | പത്തനംതിട്ട ജില്ല | | |
| | ഏറ്റെടുക്കുവാൻ മിച്ചഭൂമി ഇല്ല. | | |
| 12. | കൊല്ലം ജില്ല | | |
| 1. | കൊട്ടാരക്കര | – | 30 ഏക്കർ |
| 2. | പത്തനാപുരം | – | 15 ,, |
| 3. | കൊല്ലം | – | 6 ,, |
| 4. | കരുനാഗപ്പള്ളി | – | 15 ,, |
| 14. | തിരുവനന്തപുരം ജില്ല | | |
| | ഏറ്റെടുക്കുവാൻ മിച്ചഭൂമി ഇല്ല. | | |
| | **ആകെ** | – | **1235 ഏക്കർ** |

## അനുബന്ധം VII

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 62 (3149) കാണുക)

നം. ബി. 4. 12271/97 താലൂക്കാഫീസ്, തിരുവനന്തപുരം, തീയതി 11.9.98.

തഹസിൽദാർ,

ജില്ലാ കളക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം : ഭൂമി പതിവ് കവടിയാർ വില്ലേജിൽ സർവെ 2240/1 ൽപ്പെട്ട 12.870 സെന്റ് ഭൂമി സൗജന്യമായി പതിച്ചു നൽകുന്നത് സംബന്ധിച്ച്.

സൂചന : ജില്ലാ കളക്ടറുടെ 7/97 ലെ ബി4/23579/97-ാം നമ്പർ പുറത്തെഴുത്ത്.

.....

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. എൻ.ജി.ഒ. യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി റവന്യൂ മന്ത്രി മുൻപാകെ സമർപ്പിച്ച അപേക്ഷയിന്മേൽ അന്വേഷണം നടത്തിയതിൽ യൂണിയൻ ആഫീസ് സ്ഥിതിചെയ്യുന്ന കവടിയാർ വില്ലേജിൽ സർവെ 2240/1 ൽപ്പെട്ട 10 സെന്റ് സ്ഥലം 28.12.97-ലെ ജി.ഒ. (എം.എസ്.) നമ്പർ 677/67/റവന്യൂ നമ്പർ ഉത്തരവിൻപ്രകാരം 30 വർഷത്തേയ്ക്ക് കുത്തകപ്പാട്ടം നൽകിയിട്ടുള്ളതും ആയതിന്റെ കാലാവധി തീർന്നിട്ടുള്ളതും ആകുന്നു. 1997-98 വരെയുള്ള കുത്തകപ്പാട്ട തുക അടച്ചിട്ടുള്ളതായി കവടിയാർ വില്ലേജാഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർവെ 2240/1 ൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

12.870 സെന്റ് ഭൂമി സൗജന്യമായി പതിച്ചു നൽകണമെന്നതാണ് യൂണിയൻ ജനറൽസെക്രട്ടറിയുടെ ആവശ്യം. പുറമ്പോക്ക് ഭൂമി സൗജന്യമായി പതിച്ച് നൽകുന്നതിന് സർക്കാർ ഉത്തരവ് ആവശ്യമാണ്. മേൽ നടപടിയ്ക്കായി ടി സ്ഥലത്തിന്റെ സ്കെച്ച്, മഹസ്സർ സഹിതം വിവരം റിപ്പോർട്ടു ചെയ്തു കൊള്ളുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്

തഹസീൽദാർ

ഉള്ളടക്കം.

/ശരിപ്പകർപ്പ്/

ബി8-61902/98 കളക്ടറേറ്റ്, തിരുവനന്തപുരം
തീയതി 7.12.98

ജില്ലാ കളക്ടർ

സ്പെഷ്യൽ സെക്രട്ടറി
റവന്യൂ (യു) വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം : ഭൂമി പതിവ് - കവടിയാർ വില്ലേജിൽ സർവെ 2240/1-ൽപ്പെട്ട 12.870 സെന്റ് ഭൂമി എൻ.ജി.ഒ. യൂണിയന് സൗജന്യമായി പതിച്ചു നൽകുന്നത് സംബന്ധിച്ച്.

സൂചന : സർക്കാരിന്റെ 7.4.97-ലെ 26116/യു1/97/റവന്യൂ നമ്പരിലുള്ള പുറത്തെഴുത്ത്.

2. തിരു. തഹസീൽദാരുടെ 11.02.1998-ലെ ബി4 -12271/97-ാം നം. റിപ്പോർട്ട്.

സൂചന കണ്ടാലും, എൻ.ജി.ഒ. യൂണിയൻ ആഫീസ് സ്ഥിതിചെയ്യുന്ന കവടിയാർ വില്ലേജിൽ സർവെ 2240/1-ൽ പ്പെട്ട 12.870 സെന്റ് ഭൂമി സൗജന്യ മായി പതിച്ചു നൽകുന്നതിന് എൻ.ജി.ഒ. യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൻമേൽ തിരുവനന്തപുരം തഹ സീൽദാർ മുഖേന അന്വേഷണം നടത്തി ഭൂമി പതിവിനുള്ള പ്രൊപ്പോസൽ അയയ്ക്കുന്നു.

യൂണിയൻ ആഫീസ് സ്ഥിതി ചെയ്യുന്ന കവടിയാർ വില്ലേജിൽ സർവെ 2240/1-ൽ പ്പെട്ട 10 സെന്റ് സ്ഥലം 28.12.67-ലെ ജി.ഒ. (എം.എസ്.) 677/67/റവ. നമ്പർ ഉത്തരവുപ്രകാരം 30 വർഷത്തേയ്ക്ക് യൂണിയന് കുത്തകപ്പാട്ടം നൽകി യിട്ടുള്ളതും ആയതിന്റെ കാലാവധി കഴിഞ്ഞിട്ടുള്ളതും ആകുന്നു. 1997-98 വരെയുള്ള കുത്തകപ്പാട്ട തുക അടച്ചിട്ടുണ്ട്. ഈ സ്ഥലം ഭാവിയിൽ സർക്കാ രിന്റെ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടിവരുന്നതായിക്കാണുന്നില്ലെന്നും സെന്റോ

LIBRARY ARCHIVES Kerala Legislative Assembly

ന്നിന് 2 ലക്ഷം രൂപ (രണ്ടു ലക്ഷം രൂപ മാത്രം) കമ്പോളവിലയുണ്ടെന്നും തഹസീൽദാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ജീവനക്കാരിൽ നിന്ന് ചെറിയ തുക പിരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന യൂണിയനെ സംബന്ധിച്ചിടത്തോളം ഓരോ കാലഘട്ടത്തിലും പുതുക്കിയ നിരക്കനുസരിച്ച് കുത്തകപ്പാട്ട തുക അടയ്ക്കുക എന്നത് വളരെയധികം പ്രയാസങ്ങളുള്ളവാക്കുന്നുണ്ടെന്നും സംസ്ഥാന ജീവനക്കാരുടെ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സംഘടനയുടെ സംസ്ഥാന കമ്മിറ്റി ഓഫീസ് കെട്ടിടം എന്ന നിലയിലും ടി സ്ഥലം യൂണിയന് സൗജന്യമായി പതിച്ചു നൽകണമെന്നാണ് യൂണിയൻ ജനറൽ സെക്രട്ടറിയുടെ ആവശ്യം.

സ്ഥലത്തിന്റെ സ്കെച്ചും മഹസ്സറും പ്രൊഫോർമാ റിപ്പോർട്ടും ഇതോടൊപ്പം അയയ്ക്കുന്നു.

ഈ സാഹചര്യത്തിൽ ടി സ്ഥാപനത്തിന് വഞ്ചിയൂർ വില്ലേജിൽ സർവെ നമ്പർ 2240/1-ൽപ്പെട്ട 10 സെന്റ് സ്ഥലം പതിച്ചു നൽകുന്നതിനുള്ള ഉത്തരവിനായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
കളക്ടർക്കുവേണ്ടി

പകർപ്പ് : തിരുവനന്തപുരം തഹസീൽദാർക്ക്
11.9.98-ലെ ബി4-12271/97 എന്ന കത്ത് കാണുക.

/ശരിപ്പകർപ്പ്/
കളക്ടർക്കുവേണ്ടി

## അനുബന്ധം VIII

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 65 (3153) കാണുക)

IN THE HIGH COURT OF KERALA AT ERNAKULAM

Present :

The Honourable Mr. Justice K.A. Abdul Gafoor

Tuesday the 12th day of January, 1999/22nd Pousha, 1920

C.M.P. No. 45813/98 in O.P. No. 26209/98 T

Petitioners/Petitioners in OP :

1. P.S. Prasannan Namboodiri, Villageman,
Sooranad North Village Office,
Sooranad P.O., Kollam District.
2. D. Prakash, Villageman, Thazhava village Office,
Thazhava P.O., Kollam District.

Vs.

Respondents Respondents in OP :

LIBRARY ARCHIVES Kerala Legislative Assembly